# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3139 — 18/10/2016-ൽ മറുപടിക്ക്

### ഇടുക്കി പവർ ഹൗസ് നവീകരണ പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി.പി.സജീന്ദ്രൻ<br>"എൽദോസ് കുന്നപ്പിള്ളി<br>"വി.ഡി.സതീശൻ<br>"വി.എസ്.ശിവകുമാർ | | ശ്രീ. കടകം പള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) | ഇടുക്കി പവർ ഹൗസ് നവീകരിക്കുവാൻ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ എത്ര ജനറേറ്ററുകളാണ് നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | (എ) | ഉണ്ട്. ഒന്നാം ഘട്ടത്തിലെ മൂന്ന മെഷീനുകളാണ് (3x130MW) നവീകരണപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | ഈ നവീകരണ പദ്ധതിയുടെ അടങ്കൽ തുക എത്ര കോടി രൂപയാണെന്നും ഏത് കമ്പനിക്കാണ് കരാർ നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കമോ; | (ബി) | ഒന്നാംഘട്ട മെഷീനുകളുടെ നവീകരണത്തിനായി ബോർഡ് 16.03.2015-ന് 89.90 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. മെഷീനുകളുടെ (3x130 MW) ഗവർണർ, കൺട്രോൾ സിസ്റ്റം, എക്സൈറ്റേഷൻ സിസ്റ്റം, ആക്സിലറി ഉപകരണങ്ങൾ എന്നിവ നവീകരിക്കുന്നതിലേയ്ക്കായി അൽസ്റ്റോം ഇൻഡ്യ ലിമിറ്റഡ്, ബറോഡ എന്ന കമ്പനിയുമായി 45.55 കോടി രൂപയ്ക്ക് കരാർ ഉറപ്പിച്ചു. ദർഘാസ് നടപടികൾക്കിടയിൽ അൽസ്റ്റോം ഇൻഡ്യ ലിമിറ്റഡ് ജി.ഇ.യുമായി ലയിക്കുകയും കമ്പനിയുടെ നാമം ജി.ഇ. പവർ ഇന്ത്യ ലിമിറ്റഡ് എന്നാകുകയും 24.09.2016-ന് ജി.ഇ പവർ ഇൻഡ്യ ലിമിറ്റഡ് എന്ന കമ്പനിയുമായി കരാർ ഒപ്പിട്ടു. |
| (സി) | നവീകരണത്തിന്റെ ഭാഗമായി ജനറേറ്ററുകളുടെ പ്രവർത്തനം നിർത്തിവെയ്ക്കുമ്പോൾ ഉണ്ടാകുന്ന വൈദ്യുതി പ്രതിസന്ധി പരിഹരിക്കുവാൻ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കമോ? | (സി) | ഇടുക്കിയിൽ ഓരോ ജനറേറ്റർ വീതമാണ് നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആദ്യത്തെ ജനറേറ്റർ 2017 ജൂൺ പകുതിയോടെ നവീകരണ പ്രവൃത്തികൾ തുടങ്ങും. 2018 ഫെബ്രുവരി പകുതിയോടെ പൂർത്തീകരിക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. എല്ലാ വർഷവും |

| | | | |
|---|---|---|---|
| | | | മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ എല്ലാ ജനറേറ്ററുകളും ലഭ്യമാക്കത്തക്ക രീതിയിലാണ് നവീകരണ പ്രവൃത്തികൾ ക്രമീകരിച്ചിട്ടുള്ളത്. പ്രസ്തുത സമയത്ത് കൂടുതൽ വൈദ്യുതി വാങ്ങുവാനുള്ള നടപടികൾ നേരത്തേ തന്നെ സ്വീകരിച്ചിരുന്നു. 2016 ഡിസംബർ മുതലും 2017 ഒക്ടോബർ മുതലും ലഭ്യമാക്കത്തക്ക രീതിയിൽ 865 മെഗാവാട്ട് (ഏകദേശം കേരളത്തിൽ ലഭ്യമാകുന്ന രീതിയിൽ) ദീർഘകാല കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 2017-ലെ കാലവർഷത്തിന്റെ പ്രവചനമറിഞ്ഞതിനു ശേഷം കൂടുതൽ വൈദ്യുതി ആവശ്യമെന്ന് കാണുന്ന പക്ഷം 2017 ഏപ്രിൽ മാസത്തോടെ ഹ്രസ്വകാല കരാറിലേർപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ